15715

കഥാചന്ദ്രിക.

എറണാകുളം സെൻറു മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

പുസ്തകം ൪. | ഫൻറാ ഒക്ടോബർ. | ലക്കം ൧.

മംഗളം.

ലളിതകഥകളാലും ഹൃദ്യപദ്യങ്ങളാലും
കുതുകകരമതാകും നാടകാദ്യങ്ങളാലും
ഫലിതരസമതോലും ഭാഷണാഡ്യങ്ങളാലും
സുചിരമയി ജയിപ്പൂ! സൽ കഥാചന്ദ്രികാഖ്യേ.
അമൃതരസമതെന്നും, ജ്ഞാനതൃഷ്ണാസമേതം
സരസഹൃദയരാകും സൽച്ചകോരാവലിക്കായ്
അനിശമരുളിമേന്മേൽ നൽ « കഥാചന്ദ്രികെ » നീ
ജഗതിപരിലസിക്കാ നീശനാശീർവ്വദിക്കും.

കർത്തവ്യം നിർവഹിച്ചതു്.

(പി. ഐ. ജോസഫ് ബി. എ. ബി. എൽ.)

പണ്ടു പ്രാൻസുരാജ്യത്തിൽ രാജകക്ഷിയിലെ പട്ടാളക്കാരും ജനാധിപത്യകക്ഷിയിലെ പട്ടാളക്കാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. രാജകക്ഷികളിൽ മിക്കപേരും കൊല്ലപ്പെട്ടു. ശേഷിച്ചവർ 'ലുവാർ' നദിയുടെ തീരപ്രദേശങ്ങളിലേക്കു് ഓടി രക്ഷപ്രാപിച്ചു. ഇനി അവരെക്കൊണ്ടു ഒന്നും സാധിക്കയില്ലെന്നു കരുതി ജനാധിപത്യകക്ഷിയിലെ പട്ടാളം അവരെ പിൻതുടർന്നില്ല.

എങ്കിലും സമീപത്തുള്ള ഒരു ഗ്രാമത്തിൽ അവർ ശ്രദ്ധാപൂർവ്വം അന്വേഷണം നടത്തിക്കൊണ്ടിരുന്നു. അതിനു പുറമേ കാവലുമിട്ടിരുന്നു. ഗ്രൂബേർട്ട് എന്നു പേരായ ഒരു പട്ടക്കാരൻ ആ ഗ്രാമത്തിൽ ഒളിവായി താമസിക്കുന്നുണ്ടെന്നുള്ള അറിവാണ് അതിനു കാരണം. വളരെ ജനസ്വാധീനമുള്ള ഒരാളായതുകൊണ്ടും, അപ്പോഴപ്പോളായി വച്ചുവലയിലൊന്നും വീഴാഞ്ഞതുകൊണ്ടും അദ്ദേഹത്തെ പിടിച്ചു ബന്ധനത്തിലാക്കേണമെന്നു ജനാധിപത്യസൈന്യത്തിലെ നായകൻ പ്രത്യേകം ആഗ്രഹിച്ചു. അന്വേഷിച്ചു പുറപ്പെട്ട പട്ടാളക്കാർ അദ്ദേഹത്തെ നേരിട്ടറിയുകയില്ല. എങ്കിലും ഏതുവിധേനയും ആളെ മനസ്സിലാക്കിക്കൊള്ളാമെന്നായിരുന്നു അവരുടെ വിശ്വാസം.

ഗ്രാമമൊട്ടുക്കു പട്ടാളക്കാർ അന്വേഷണം നടത്തി. ഗൃഹങ്ങൾ, കളങ്ങൾ, നിലയറകൾ, മച്ചിൻപുറങ്ങൾ മുതലായ എല്ലാ സ്ഥലങ്ങളും പരിശോധിച്ചു. എന്നിട്ടും ആ പട്ടക്കാരൻ ഒളിച്ചിരിക്കുന്ന സ്ഥലം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അവർ ഒരു പുതിയ സൂത്രം പ്രയോഗിച്ചു. ഗ്രാമവാസികളെക്കുറിച്ചു പൂർണ്ണമായ വിവരം-അറിയേണ്ടതിലേയ്ക്ക് അവിടെയുള്ള സകല പുരുഷന്മാരും വിശാലമായ ഒരു മൈതാനത്തിൽ കൂടേണമെന്നു സൈന്യാധിപൻ ഒരുദിവസം രാവിലെ ഉത്തരവായി. അതിൻപ്രകാരം എല്ലാവരും വന്നുകൂടി. ഓരോരുത്തരേയും പരിശോധന കഴിച്ചു. എന്നാൽ അവരെല്ലാവരും നാട്ടുഭാഷ വെടിപ്പായി സംസാരിക്കുന്നുണ്ടെന്നും, അവരുടെ ഉള്ളങ്കൈകൾ പരുപരുത്തതും തഴമ്പുള്ളതുമാണെന്നും കണ്ടു. അതിനാൽ അവരുടെ കൂട്ടത്തിൽ ആ പട്ടക്കാരനെ തിരിച്ചറിയുവാൻ നിവൃത്തിയില്ലാതെ പട്ടാളക്കാർ കുഴങ്ങി.

അങ്ങനെ ആ സൂത്രവും ഫലിച്ചില്ലെന്നറിഞ്ഞപ്പോൾ സൈന്യാധിപനു ദേഷ്യം സഹിക്കുവയ്യാതായി. എന്തു! ആ പട്ടക്കാരൻ അടുത്തുതന്നെ എവിടേയോ ഉണ്ട്. എന്റെ ഉപദേശാനുസരണം പട്ടാളക്കാർ ഇത്രയധികം ശ്രമിച്ചിട്ടും അദ്ദേഹത്തെ പിടിക്കാൻ സാധിക്കുന്നില്ലെന്നോ? അങ്ങനെ വന്നുകൂടാ; എന്നുവിചാരിച്ചു. ഒടുവിൽ താൻതന്നെ നേരിട്ട അന്വേഷണം നടത്താമെന്നു നായകൻ തീർച്ചയാക്കി. അയാൾ കുതിരപ്പുറത്തുകയറി ആ മൈതാനത്തിലേക്കു പാഞ്ഞുചെന്നു. പട്ടക്കാരനെ തൽക്ഷണം പിടിച്ചേല്പിക്കാത്തപക്ഷം ഗ്രാമം ചുട്ടുദഹിപ്പിക്കുമെന്നും, അതിലെ യുവാക്കന്മാരെയെല്ലാം കൊന്നൊടുക്കുമെന്നും ആ ജനക്കൂട്ടത്തെ അറിയിച്ചു. എന്നാൽ ആ ഭീഷണി അവർ വകവെച്ചതേയില്ല. അങ്ങനെ ഒരത്യാപത്തു

നേരിട്ടേക്കുമെന്നു കണ്ടിട്ടും ഒരു മനുഷ്യനുപോലും കുലുക്കമുണ്ടായില്ല. ആ സൂര്യനും വിഫലമായതിനാൽ സേനാനായകൻ വിഷണ്ണനായി അവിടെ നിന്നും വേഗം മടങ്ങി. തന്റെ ആപ്പീസായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൽ എത്തിയപ്പോൾ അയാളുടെ ശിപായി ഒരു തടവുകാരനേയും കൂട്ടിക്കൊണ്ടുവന്നു.

ശിപായി— (അടുത്തുചെന്നു) "യജമാനനെ, ഈ തടവുകാരൻ സന്നിധിയിൽ വരാൻ അനുവദിക്കണമെ. അയാൾക്കു ഏതൊ ഒരു രഹസ്യവൃത്തമാനം അവിടുത്തെ പക്കൽ ബോധിപ്പിക്കാനുണ്ടെന്നു പറയുന്നു."

സൈന്യാധിപൻ— (ദേഷ്യത്തോടെ) "ആരു? ഈ ദ്രോഹിയോ? ഇവനെ എന്തുകൊണ്ടു വെടിവച്ചു കൊന്നില്ല?"

യജമാനന്റെ ചോദ്യമാകട്ടെ ദേഷ്യഭാവമാകട്ടെ ഗൗനിക്കാതെ ശിപായി വീണ്ടും പറഞ്ഞു:

ശിപായി— "അവനു ബോധിപ്പിക്കാനുള്ളതു പട്ടക്കാരനായ ജൂബേട്ടിന്റെ കാര്യമാണ്."

സൈന്യാധിപൻ— (ആശ്ചര്യത്തോടെ) "ജൂബേട്ടിന്റെ കാര്യമോ? അതെനിക്കു മനസ്സിലായില്ല. കൊള്ളാം, അവൻ വരട്ടെ." ഉടനെ ശിപായി, പ്രജാധിപത്യകക്ഷിയുപേക്ഷിച്ചു ഒളിച്ചോടിപ്പോയവനായ ആ തടവുകാരനെ സൈന്യാധിപന്റെ മുമ്പിൽ കൊണ്ടുചെന്നു നിറുത്തി.

സൈന്യാധിപൻ— (ഗൗരവമായി) "ജൂബെട്ട് പട്ടക്കാരൻ ഒളിച്ചിരിക്കുന്നതു എവിടെയെന്നു നിനക്കറിയാമൊ?"

തടവുകാരൻ— "ഇല്ല. എങ്കിലും ഈ സന്ധ്യക്കുമുമ്പു ഞാൻ അദ്ദേഹത്തെ യജമാനന്റെ മുമ്പിൽ കൊണ്ടുവന്നുതരാം. അതിനു പ്രതിഫലമായി എനിക്കു മാപ്പുതരണമെന്നു അപേക്ഷയുണ്ട്."

സൈന്യാധിപൻ— "അങ്ങനെതന്നെ നിനക്കു മാപ്പുതരാം. എന്നാൽ അതിനെന്തു മാർഗ്ഗം?"

തടവുകാരൻ അല്പനേരം സംശയിച്ചുനിന്നു. അതിനുശേഷം എന്തൊ അയാളുടെ ചെവിയിൽ മന്ത്രിച്ചു. അതുകേട്ടപ്പോൾ സേനാനായകൻ അത്യന്തം സന്തോഷിച്ചു.

നേരം വൈകുന്നേരമായി. ഗ്രാമവാസികൾ അവിടെ കൂട്ടംകൂടിനിന്നു അന്നത്തെ സംഭവങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കുന്നു. സേനാ

നായകന്റെ മൌഢ്യം ഓർത്തു അവർ ചിരിക്കുന്നുമുണ്ട്. അങ്ങനെയിരിക്കെ അവരുടെ ശ്രദ്ധ പ്രധാന തെരുവിലേയ്ക്കു ആകഷ്ടിക്കപ്പെട്ടു. ഒരു സംഘം പട്ടാളക്കാർ ആ തടവുകാരനേയും കൊണ്ടുവരുന്നു. അതുകണ്ടു അവരിൽ ചിലർ ഓരോ അഭിപ്രായം പുറപ്പെടുവിച്ചുതുടങ്ങി.

ഒരാൾ— "നമ്മളെ ആരേയും പിടിക്കാതെ അവനെ പിടിച്ചതു നന്നായി."

വേറൊരാൾ— "അവന്റെ കുറ്റംകൊണ്ടു വരുത്തിക്കൂട്ടിയതല്ലേ; അതിനു ശിക്ഷ അവൻതന്നെ അനുഭവിക്കണം."

മൂന്നാമൻ— (അനുകമ്പയോടുകൂടി) "സാധു! അവന്റെ കഷ്ടപ്പാടു വലിയതു തന്നെ".

തടവുകാരൻ അടുത്തുവരുന്നു. കൈരണ്ടും പിന്നോക്കം പിടിച്ചുകെട്ടിയും, നിരാശയിൽ മുങ്ങിയുമിരിക്കുന്ന അവന്റെ അവസ്ഥ സാക്ഷാൽ സങ്കടകരമായിരുന്നു. ഗ്രാമവാസികളുടെ സമീപം എത്തിയപ്പോൾ അവൻ ദയനീയമായ സ്വരത്തിൽ ഉണ്ടെന നിലവിളിച്ചു. "അയ്യോ ചെയ്തുപോയ പാപത്തിനു മാപ്പുലഭിക്കാതെ ഞാൻ മരിക്കേണ്ടിവരുന്നതു ഭയങ്കരംതന്നെ". നിഗ്ഗ്രഹാനുഗ്രഹിനിനു ജനങ്ങൾക്ക് ഈ വാക്കുകൾ വ്യക്തമായി കേൾക്കാമായിരുന്നു. തടവുകാരൻ അതുതന്നെ വീണ്ടും പറഞ്ഞു പ്രലപിച്ചു. അപ്പോഴേക്കും ആൾക്കൂട്ടത്തിന്റെ പിന്നിലായി അല്പം തിരക്കുകേട്ടു. നീലനിറത്തിലുള്ള മേൽപ്പായം ധരിച്ച ഒരു ചെറുപ്പക്കാരൻ തിക്കിത്തിരക്കി മുമ്പോട്ടുചെല്ലുവാൻ ശ്രമിക്കുന്നു. ചുറ്റും നിൽക്കുന്നവർ ശാന്തമായിട്ടാണെങ്കിലും മനഃപൂർവ്വമായി തടയുന്നുണ്ട്. അതിനാൽ കടന്നു മുന്നോട്ടുപോകുവാൻ സാധിക്കുന്നില്ല. "അച്ചാ, അങ്ങുപോകുന്നതു മരിക്കാനുള്ള വഴിക്കാണ്. തനിയെ നോട്ടുചെന്നാൽ അങ്ങു് ആരാണെന്നു പട്ടാളക്കാർ തീർച്ചയായും മനസ്സിലാക്കും," എന്നു ഗ്രാമവാസികളിൽ ഒരു പ്രധാനി പറഞ്ഞു. എങ്കിലും ആ ചെറുപ്പക്കാരൻ അതു വകവെച്ചില്ല. "എന്റെ കർത്തവ്യം നിർവഹിക്കണം. എന്നെ തടയരുതെ". എന്നു പറഞ്ഞു മുന്നോട്ടു പോകുവാൻ തന്നെശ്രമിച്ചു. "ആ ദുഷ്ടന്റെവാക്കു വിശ്വസിക്കരുതെ. അച്ചാ, അവൻ ഒരു ദ്രോഹിയാണെന്നാണു ജനസംസാരം. അങ്ങയുടെ ജീവൻ അവന്റെ ജീവനെക്കാൾ വിലപിടിച്ചതാണ്." എന്നു പറഞ്ഞു് ആ വിശ്വസ്തന്മാരായഗ്രാമവാസികൾ വഴി തടഞ്ഞുതന്നെ നിന്നു. അപ്പോഴേക്കു തടവുകാരന്റെ നിലവിളി കൂടുതൽ വ്യക്തമായി കേട്ടു. "അയ്യോ! ഒരു പട്ടാരന്റെ സഹായം ലഭിക്കാതെ ഞാൻ മരിക്കുന്നതു ഭയങ്കരംതന്നെ". "അവന്റെ നിലവിളി നിങ്ങൾ കേൾക്കു

ന്നില്ലേ?» എന്നു ആ ചെറുപ്പക്കാരൻ ചോദിച്ചു. «ആ സാധു ഒരു മൃഗത്തെപ്പോലെ മരിക്കുന്നതു ഞാൻ കണ്ടുനില്ക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം? അയാൾ ഇഷ്ടനാണെങ്കിൽ എനിക്കു അയാളെ സഹായിപ്പാൻ കൂടുതൽ ന്യായമുണ്ട്. നിങ്ങൾ എന്നെ തടയരുതു; ഞാൻ കടന്നു പോകട്ടെ.»

അദ്ദേഹം മുൻപോട്ടു പോകാൻ തീച്ചയാക്കിയിരിക്കയാണെന്നും, തടഞ്ഞാൽ നില്ക്കുകയില്ലെന്നും കണ്ടു ജനങ്ങൾ വിസ്മയത്തോടെ വഴി ഒഴിഞ്ഞു കൊടുത്തു. ഒരു നിമിഷംകൊണ്ടു അദ്ദേഹം തടവുകാരന്റെ അടുത്തെത്തി കഴിഞ്ഞു. «മകനേ ഞാൻ ഒരു പട്ടക്കാരനാണു്. നിനക്കു ദൈവത്തിന്റെ മാപ്പുലഭിപ്പാൻ ആഗ്രഹമുണ്ടെങ്കിൽ ഈ നടക്കുന്ന വഴിക്കു തന്നെ ഞാൻ നിന്റെ കുമ്പസാരം കഴിക്കാം» എന്നു തടവുകാരനോടു രഹസ്യമായി പറഞ്ഞു.

അതു കേട്ടമാത്രയിൽ തടവുകാരന്റെ ഭാവം പെട്ടന്നു മാറി. അവൻ ശിരസ്സു യത്തി. വിജയലക്ഷണമായ സന്തോഷത്താൽ മുഖം പ്രകാശിച്ചു. «ജൂബേട്ട് പട്ടക്കാരൻ ഇതാ നില്ക്കുന്നു! കടന്നുകളയുന്നതിനുമുൻപു പിടിച്ചു ബന്ധിക്കുവിൻ» എന്നു ആ ദുഷ്ടൻ ആർത്തുവിളിച്ചു. ആളെ അറിഞ്ഞ നിമിഷത്തിൽ രക്ഷപ്പെടുവാൻ ഇടകൊടുക്കാതെ പട്ടാളക്കാർ അവരുടെ ഇരയെ കടന്നുപിടിച്ചു. തൽക്ഷണം തടവുകാരന്റെ കൈകൾ ബന്ധിച്ചിരുന്ന ചങ്ങല അഴിച്ചുമാറ്റി; അവനു മാപ്പുകൊടുത്തു. അതുകണ്ടപ്പോൾ ഈ നടന്നതെല്ലാം മുൻകൂട്ടിച്ചെയ്ത ഒരു ഗൂഢാലോചനയുടെ ഫലമാണെന്നു പട്ടക്കാരനു മനസ്സിലായി. അദ്ദേഹവും തടവുകാരനും പരസ്പരം നോക്കി. «ഞാൻ നിന്നോടു ക്ഷമിച്ചിരിക്കുന്നു; ദൈവവും ക്ഷമിക്കട്ടെ» എന്നു ആ പട്ടക്കാരൻ പ്രശാന്തഗംഭീരമായി നേരിയ സ്വരത്തിൽ പറഞ്ഞു. പിന്നെ ഒക്ഷരവും പറയുവാൻ ഇടകൊടുക്കാതെ പട്ടാളക്കാർ അദ്ദേഹത്തെ ബന്ധിച്ചു ധൃതിയിൽ കൊണ്ടുപോയി. ജനങ്ങൾ വല്ലാതെ ക്ഷോഭിച്ചേക്കുമെന്നായിരുന്നു അവരുടെ ഭയം.

അന്നു സന്ധ്യയോടുകൂടി ചന്തസ്ഥലത്തുവച്ചു ജൂബേട്ട് പട്ടക്കാരനെ വെടിവെച്ചു കൊന്നു. ഹൃദയം തകർന്നിരിക്കുന്ന ഗ്രാമവാസികൾ അടുത്തുചെല്ലാതെ സൂക്ഷിക്കുവാൻ പട്ടാളക്കാരെ അണിയിട്ടു കാവൽ നിർത്തിയിരുന്നു. തങ്ങളുടെ ആത്മീകപിതാവിന്റെ ജീവരക്ഷക്കായി വേണ്ടിവന്നാൽ മരിക്കാനുംകൂടി ആ ജനങ്ങൾക്കു് മടിയുണ്ടായിരുന്നില്ല. അവർ അദ്ദേഹത്തെ ഇരുപതുമണിക്കൂറും അപകടം കൂടാതെ കാത്തുപോന്നു. എന്നാൽ

ഇപ്പോൾ ആ പട്ടക്കാരൻ തന്റെ കത്തവ്യം നിവ്വഹിപ്പാൻ ആവശ്യമാണെന്നുള്ള വിശ്വാസത്താൽ സ്വജീവനെ ബലികഴിക്കുകയാണ് ചെയ്യുന്നതു്. ആ കാഴ്ച്ച കണ്ടുനില്ക്കയല്ലാതെ മറെറാന്നും ചെയ്യുവാൻ അവക്കു ശക്തിയില്ലായിരുന്നു.

ബൈബിൾ കഥകൾ.

പൂവയ്യൗസേപ്പിന്റെ ചരിത്രം.

(റവ. ഫാദർ എം. വടക്കേൽ.)

(ക്രൻ-ാംപക്തിന്റെ തുടച്ച.)

II

ഒ-ാം രംഗം.

(യാക്കോബും യൌസേപ്പും പ്രവേശിക്കുന്നു.)

യാക്കോബ്—മകനെ, നിന്റെ ജ്യേഷ്ഠന്മാർ സിക്കിം എന്ന സ്ഥലത്തു ആടുമേയ്ക്കുന്നുണ്ടു്. നീ അരുടം ഒന്നുപോയി വരണം.

യൌസേപ്പു—കൊള്ളാം, അപ്പാ; ഞാൻ പോയിവരാം.

യാക്കോബ്—എന്നാൽ, മകനെ, നീ അവിടെച്ചെന്നു ജ്യേഷ്ഠന്മാക്കും ആടുമാടുകൾക്കും ക്ഷേമംതന്നെയൊ എന്നു അറിഞ്ഞുവരു.

യൌസേപ്പു—അങ്ങനെ തന്നെ, അപ്പാ; ഞാൻ ഇതാ പോകുന്നു.

(യാക്കോബ് പോയി. യൌസേപ്പു ജ്യേഷ്ഠന്മാരെ അന്വേഷിച്ചു പോകുന്നു. വഴിക്കു വയലിൽ നില്ക്കുന്ന ഒരു ഇടയനെ കണ്ടുമുട്ടുന്നു.)

ന-ാം രംഗം.

ഇടയൻ—അല്ലയോ ബാല, നീ ആരേയാണ് അന്വേഷിക്കുന്നതു്?

യൌസേപ്പു—എന്റെ ജ്യേഷ്ഠന്മാരെ; അവർ ആടുമേയ്ക്കുന്ന സ്ഥലം ദയവു ചെയ്തു കാണിച്ചുതരണം.

ഇടയൻ—അവർ ഇപ്പോൾ ഇവിടെയില്ല. 'ദോത്തെൻ' എന്ന സ്ഥല ത്തു കാണും. അവിടെക്കു പോകണമെന്നു അവർ തമ്മിൽ ആലോ ചിക്കുന്നതു ഞാൻ കേട്ടു.

യൌസേപ്പു—വളരെ നന്ദി. എന്നാൽ ഞാൻ ദോത്തെൻ എന്ന സ്ഥല ത്തേയ്ക്കു പോകട്ടെ. എന്റെ ജ്യേഷ്ഠന്മാർക്കും കന്നുകാലികൾക്കും ക്ഷേമ മാണൊ എന്നറിയണം. വിവരം അപ്പനോടു ചെന്നു പറയാനുണ്ടു്.

(ഇടയൻ പോയി.)



൪-ാം രംഗം.

(സഹോദരന്മാർ പത്തുപേരും ആടുമാടുകളോടുകൂടി നില്ക്കുന്നു. യൌസേപ്പു ദൂരെ നിന്നു വരുന്നതു അവർ കാണുന്നു.)

ശിമയോൻ—സ്വപ്നക്കാരനല്ലെ ആ വരുന്നതു്?

ലേവി—കൊള്ളാം. നമുക്കു അവന്റെ കഥകഴിക്കണം. എന്നിട്ടു മൃത ശരീരം വല്ല പൊട്ടക്കിണറിലും ഇട്ടേയ്ക്കാം.

നെപ്ത്താലി—ഏതോ കാട്ടുമൃഗം അവനെ പിടിച്ചുതിന്നു എന്നു പറ ഞ്ഞുനടക്കാം.

ആസേർ—അതുകൊള്ളാം. അപ്പോൾ അവന്റെ സ്വപ്നങ്ങളുടെ വില അവനു് അറിയാറാകും.

രൂബേൽ—പ്രിയ അനുജന്മാരെ, അവനെ കൊല്ലേണ്ട. അവനെ മുറിപ്പെ ടുത്തുകയും വേണ്ട. കാട്ടിലുള്ള ഒരു കുഴിയിൽ അവനെ തള്ളിയിട്ടാൽ മതി. എന്നാൽ അവന്റെ രക്തംകൊണ്ടു നിങ്ങളുടെ കരങ്ങളെ മലിനപ്പെടുത്താതെ കഴിക്കാം. (ആത്മഗതം) യൌസേപ്പിനെ ഇ വരുടെ കൈകളിൽനിന്നു രക്ഷിച്ചു അപ്പന്റെ അടുക്കൽ തിരികെ എ ത്തിക്കണമെന്നാണു് എന്റെ ഉദ്ദേശം.

(യൌസേപ്പു അടുത്തു വരുന്നു. അവർ അവനെ കടന്നുപിടിച്ചു അവന്റെ പല വസ്ത്രങ്ങളും ഊരി മാറ്റുന്നു.)

ഗാദ്—നമുക്കു് അവനെ കാട്ടിലുള്ള ആ കുഴിയുടെ അരികിലേയ്ക്കു കൂട്ടി ക്കൊണ്ടു പോകാം.

ദാൻ—ഈ കയറുകെട്ടി അവനെ കുഴിയിലേയ്ക്കു ഇറക്കുകതന്നെ.

യൌസേപ്പു—പ്രിയ ജ്യേഷ്ഠന്മാരെ! എന്നെ ഉപേക്ഷിക്കല്ലെ. അയ്യൊ! എന്റെ അപ്പാ! അയ്യൊ! എന്റെ ദൈവമേ! എന്നെ കൈവിട ല്ലെ! ജ്യേഷ്ഠന്മാരുടെ കൈയിൽനിന്നു എന്നെ രക്ഷിക്കണേ!

ശുദ്ധമുഖാരി. ആദി.

("ഉന്നതസ്ഥനേ" അഥവാ "യേശുവേ എൻ ജീവനാഥാ" എന്ന മട്ട്)

1. സോദരൻ ഞാനല്ലയോ! ഈ സാഹസം ചെയ്തീടരുതേ.
സാദരം ഞാൻ ദാസനായി പാദസേവ ചെയ്തുകൊള്ളാം.

2. എൻപിതാവീ വാർത്തകേട്ടാൽ സന്തപിച്ചു ചാകുമല്ലോ
ഹന്ത! എന്റെ സോദരക്കീമിനിന്ത തെല്ലുമില്ലയെന്നോ.

3. ദോഷമൊന്നും ചെയ്തിടാത്ത മേഷമാകും ബാലനെന്നെ
ദ്വേഷകാരന്മാരിൽനിന്നു കാത്തീടേണം ദൈവമേ നീ.

സാബുലോൺ— എടാ, നീ സ്വപ്നക്കാരനല്ലേ! നിന്റെ സ്വപ്നങ്ങളുടെയെല്ലാം വില ഇപ്പോൾ മനസ്സിലായോ? സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രവും നിന്നെ ഇപ്പോൾ ആരാധിക്കുന്നില്ലേ?

(സാബുലോൺ മയൂസേപ്പിനെ കഴിയിലേയ്ക്കു ഇറക്കുന്നു. അതിനുശേഷം എല്ലാവരും കൂടിയിരുന്നു ഭക്ഷണം കഴിക്കുന്നു. അപ്പോൾ കുറെ കച്ചവടക്കാർ അടുത്തുവരുന്നതുകണ്ടു.)

യൂദാ— നമ്മുടെ അനുജനെ രഹസ്യമായി കൊന്നുകളയുന്നതുകൊണ്ടു നമുക്ക് എന്താ പ്രയോജനം? അവനെ ഈ വരുന്ന കച്ചവടക്കാർക്കു വിറ്റുകളയുന്നതാണു നല്ലതു്. എന്നാൽ അവന്റെ രക്തംകൊണ്ടു നമ്മുടെ കരങ്ങൾ മലിനമാകയില്ല. അവൻ നമ്മുടെ സഹോദരനല്ലേ? നമ്മുടെ ചോരതന്നെയല്ലേ?

ശേഷി— ആ അഭിപ്രായം നല്ലതുതന്നെ. നമുക്കു അങ്ങനെ ചെയ്യാം.

(കച്ചവടക്കാർ പ്രവേശിക്കുന്നു.)

സെപ്താലി— എന്നാൽ നിങ്ങൾതന്നെ അവനെ കഴിയിൽനിന്നു എടുത്തു കരയ്ക്കുകയറി ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ.

ആസേർ— നമുക്കു അവനെ ഈ കച്ചവടക്കാർക്കു വിറ്റു കുറെ പണം വാങ്ങാം.

ദാൻ— ഹേ! കച്ചവടക്കാർ, നിങ്ങൾ വലിയ പണക്കാരാണല്ലോ. നിങ്ങൾക്കു ഒരു അടിമച്ചെറുക്കനെ വാങ്ങേണമൊ?

(മയൂസേപ്പിനെ കഴിയിൽനിന്നു് എടുത്തു കൂട്ടിക്കൊണ്ടുവരുന്നു.)

ഗാദ്— ചെറുക്കൻ മിടുക്കനാണ്. അവൻ നിങ്ങൾക്കു ഒരു നല്ല വേലക്കാരനായിരിക്കും. എങ്കിലും ഞങ്ങൾ വലിയ വിലയൊന്നും ആവശ്യപ്പെടുന്നില്ല.

കച്ചവടക്കാർ— ഇരുപതു വെള്ളിനാണയം തരാം. സമ്മതമാകുന്നോ?

എല്ലാവരുംകൂടി— സമ്മതിച്ചു. ഇരുപതു വെള്ളിനാണയത്തിനു ഞങ്ങൾ അവനെ നിങ്ങൾക്കു വിറ്റിരിക്കുന്നു.

കച്ചവടക്കാർ— എന്നാൽ ഞങ്ങൾ അവനെ കൊണ്ടുപോകട്ടെ. അവനെ ഞങ്ങൾക്കു ഒരു വേലക്കാരനായി നിൽക്കാൻ കൊള്ളാമെന്നു വിചാരിക്കുന്നു. അല്ലാത്തപക്ഷം ഈജിപ്തിൽ ഞങ്ങൾ അവനെ ലാഭത്തിനു വിറ്റുകൊള്ളാം.

(കച്ചവടക്കാർ യൌസേപ്പിനേയും കൂട്ടിക്കൊണ്ടുപോകുന്നു.)

ശിമയോൻ—(യൌസേപ്പിന്റെ പലവർണ്ണക്കുപ്പായം എടുത്തു നീട്ടിക്കൊണ്ടു) നിങ്ങളാരെങ്കിലും പോയി ഒരു ആട്ടിൻകുട്ടിയെ കൊന്നു, അതിന്റെ രക്തത്തിൽ ഈ കുപ്പായം മുക്കുക. എന്നിട്ടു അതു അപ്പന്റെ അടുക്കൽ എത്തിച്ചു യൌസേപ്പിനെ ഒരു കാട്ടുമൃഗം കൊന്നുതിന്നുവെന്നു പറയണം.

(എല്ലാരും പോയി.)

ദ്വിതീയരംഗം.

(കുറെ ഇടയന്മാർ ആട്ടിൻ രക്തത്തിൽ മുക്കിയ യൌസേപ്പിന്റെ പലവർണ്ണക്കുപ്പായവുംകൊണ്ടു യാക്കോബിന്റെ മുമ്പിൽ ചെല്ലുന്നു.)

ഇടയന്മാർ— (കുപ്പായം കാണിച്ചുകൊണ്ടു) ഞങ്ങൾക്കു ഇതു ഒരിടത്തു കിടന്നുകിട്ടി. ഇതു അങ്ങേ പുത്രന്റെ കുപ്പായമാണോ, അല്ലയോ എന്നു നോക്കിയാലും;

യാക്കോബ്— (കുപ്പായം പരിശോധിക്കുന്നു. താൻ ധരിച്ചിരുന്ന വസ്ത്രം വലിച്ചുകീറി പ്രലപിക്കുന്നു) അതെ, ഇതു എന്റെ ഓമനമകന്റെ കുപ്പായം തന്നെ. അതെ, ഇതു ഞാൻ എന്റെ പ്രിയപ്പെട്ട യൌസേപ്പിനു തൈപ്പിച്ചുകൊടുത്ത പലവർണ്ണക്കുപ്പായമാണ്. ഏതോ ഒരു ദുഷ്ടമൃഗം അവനെ പിടിച്ചുതിന്നു. അയ്യോ! ഞാൻ അവനെ ഇത്ര ദൂരസ്ഥലത്തേയ്ക്കു പറഞ്ഞയച്ചതു അബദ്ധമായിപ്പോയി. ഏതോ ഒരു കാട്ടുമൃഗം എന്റെ മകൻ യൌസേപ്പിനെ തിന്നുകളഞ്ഞു, സംശയമില്ല. ഇനി എനിക്കു ജീവനിൽ കൊതിയില്ല. എനിക്കു ഈ ദുഃഖത്തോടെ വേഗം മരിച്ചു എന്റെ മകന്റെ അടുക്കൽ ചെന്നു മോന്നാൽ മതി.

("പ്രാണസഖി" എന്ന മട്ട്)

1. അയ്യോ! എൻ കുമാരാ നിന്നെ - പയ്യോലും പുലികൾ കൊന്നൊ
കയ്യും കാലും മെയ്യുമെല്ലാം - വയ്യാതെ തളർന്നീടുന്നേ.

2. കണ്ണിണപോലെ ഞാൻനിന്നെ - എണ്ണിവന്ന തോത്തീടുമ്പോൾ
ഉണ്ണീ! നിൻവിയോഗാമൂലം - ദണ്ഡിച്ചീടുന്നേൻ ഞാനേറാം.

3. ദേഹമോടീ ലോകേവാഴാൻ - മോഹമില്ലമേ ദേവേശാ!
സ്നേഹപാത്രമാം ജോസേഫിൻ - ദേഹിയോടു ചേർന്നാൽകൊള്ളാം.

(യാക്കോബും ഇടയന്മാരും പോകുന്നു.)



മൂ-ാം രംഗം.

(ഇന്ത്യിപ്പ് രാജ്യം. പൊത്തിഫാർ കൊട്ടാരത്തിലിരിക്കുന്നു. കച്ചവടക്കാർ യൌസേപ്പിനേയും കൂട്ടിക്കൊണ്ടു ചെല്ലുന്നു.)

കച്ചവടക്കാർ— പ്രഭോ, ഇവൻ ഒരു അടിമച്ചെറുക്കനാണ്. ഞങ്ങൾ ഇങ്ങോട്ടു പോരുംവഴിയ്ക്കു ആടുമേച്ചുകൊണ്ടിരുന്ന ഇവന്റെ സാധുക്കളായ സഹോദരന്മാരോടു ഇവനെ ഞങ്ങൾ വിലയ്ക്കുവാങ്ങി. ഇവനും ഒരു പാവപ്പെട്ട ഇടയച്ചെറുക്കനാണ്. എങ്കിലും ആൾ കാര്യയ്ക്കു യോഗ്യനും ബുദ്ധിയുള്ള വനുമാണെന്നു തോന്നുന്നു. ഇവനെ ഈ കൊട്ടാരത്തിൽ ഒരു വേലക്കാരനായിട്ടു നിർത്താൻകൊള്ളാമെന്നു വിചാരിച്ചാണ് ഞങ്ങൾ ഇവിടെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നതു്.

പൊത്തിഫാർ— കൊള്ളാം, നന്നായി. അവന്റെ മുഖഭാവം എനിക്കും പിടിച്ചു. നിങ്ങൾ അഭിപ്രായപ്പെട്ടപോലെ അവൻ ഇവിടെ ഒരു വേലക്കാരനായി നില്ക്കാൻ കൊള്ളാമായിരിക്കാം. അതിനാൽ അവനെ ഞാൻ വാങ്ങിയിരിക്കുന്നു. വിലയായി ഈ സഞ്ചിയിലിരിക്കുന്ന പണം നിങ്ങൾക്കു തന്നിരിക്കുന്നു. (യൌസേപ്പിനോടായിട്ടു) അല്ലയോ ബാലാ, നിന്നെ ഈ നേരംമുതൽ കൊട്ടാരത്തിലെ വേലക്കാരനായി നിശ്ചയിച്ചിരിക്കുന്നു. മറ്റു വേലക്കാരോടൊപ്പും നീ ഞങ്ങളെ പരിചരിച്ചുകൊള്ളണം.

യൌസേപ്പു— കല്പനപോലെ എല്ലാം ഞാൻ ചെയ്തുകൊള്ളാം.

(എല്ലാവരും പോയി.)

(തുടരും.)

ഒരു വിജയം.

(റവ. ഫാദർ ജോൺ മണിയങ്കോട്ട്.)

വേനല്ക്കാലം; സൂര്യൻ പടിഞ്ഞാറെ സമുദ്രത്തിൽ താണുതുടങ്ങി. പട്ടണത്തിലെ ആൾത്തിരക്കും ബഹളവുമെല്ലാം ശമിച്ചു. സർവ്വത്ര ശാന്തമായിരിക്കുന്നു. ആ സമയത്തു ജാക്ക് ഗ്രണ്ടർ എന്നു പേരായ ഒരു മനുഷ്യൻ വിൻസെന്റ് പുണ്യവാന്റെ പള്ളിയിലേയ്ക്കുള്ളതും ജനസഞ്ചാരമില്ലാത്തതുമായ ഉൗടുവഴിയിൽക്കൂടി ബദ്ധപ്പെട്ട നടന്നുപോകയാണ്. തടിച്ചു ചടച്ച തലമുടിയും തവിട്ടുനിറത്തിലുള്ള താടിമീശയും മദ്യപാനത്താൽ ചോരക്കെട്ടുള്ള തുല്യം മുഖന്ന കണ്ണുകളും കണ്ടാൽ അയാൾ ഒരു മഹാ തെമ്മാടിയും പെരുങ്കള്ളനുമാണെന്നറിയാം. ദൃഷ്ടി കീഴ്പ്പോട്ട് ഇട്ടുകൊണ്ടു നടക്കുന്നതിനാൽ അയാളുടെ മനസ്സ് ഏതോ സാരമായ കാര്യത്തെക്കുറിച്ചുള്ള ആലോചനയിൽ മുഴുകിയിരിക്കയാണെന്നു തോന്നും. അങ്ങനെ നടന്നുകൊണ്ടിരിക്കെ നേരം ഇരുട്ടായി. രാത്രി ഒൻപതുമണിയോടുകൂടി അയാൾ പള്ളിയുടെ സമീപമെത്തി. പള്ളിപ്പറമ്പു ചുറ്റിക്കെട്ടിയിട്ടുള്ള മതിലിനടുത്തു ചെന്നപ്പോൾ പിറകുവശത്തേയ്ക്കു മാറി. പത്തുപന്ത്രണ്ടു മുഴവട്ട ഉള്ളിലേയ്ക്കു നടന്നശേഷം അവിടെ നിന്നുകൊണ്ടു കൈവശമുള്ള കൈത്തോക്ക് എടുത്തു ഒന്നു നോക്കി. അതു ശരിയായി നിറച്ചിട്ടുണ്ടെന്നുകണ്ടു തൃപ്തിപ്പെട്ടു. എന്നിട്ടു തിരികെ വന്ന യാത്ര തുടന്നു.

പള്ളിയുടെ മുൻവശം എത്തിയപ്പോൾ ആരോ ഒരാൾ ദൂരെനിന്നു വരുന്നതായി തോന്നി. അല്പംകഴിഞ്ഞു, ആ വരുന്ന ആളുടെ ഭാവവും നടപ്പും കൊണ്ടു താൻ അന്വേഷിച്ചുപോകുന്ന ആൾതന്നെയാണ് അതു എന്നു മനസ്സിലാക്കി. പള്ളിയിൽ കപ്യാർ ജോലി നോക്കിയിരുന്നിട്ടു എതോ കളവുചെയ്തുവെന്നുള്ള കാരണത്തിന്മേൽ ആയിടയ്ക്കു പണിയിൽനിന്നു പിരിച്ചയക്കപ്പെട്ട ബെൻ എന്നാളായിരുന്ന അതു്.

രണ്ടുപേരും തമ്മിൽ അടുത്തപ്പോൾ ജാക്ക് മന്ദസ്വരത്തിൽ ചോദിച്ചു

"ബെൻ അല്ലേ അതു്?"

ബെൻ— "അതെ; ജാക്ക്! പന്ത്രി പത്തായി, കേട്ടോ."

ജാക്ക് — "കൊള്ളാം വേഗമാകട്ടെ! ഞാൻ തന്നാ ആലാത്തുകയറു അവിടെ കെട്ടിയോ?"

ബെൻ— "ഉവ്വ്; ഞാൻ അതു മണിമാളികയുടെ ഒരു ജനലഴിയിന്മേൽ കെട്ടി. രണ്ടാംനിലയിലെ ജനലഴിയിന്മേൽ."

ജാക്ക് — "ആ പട്ടിയെ വിഷംകൊടുത്തു കൊന്നോ?"

ബെൻ — "ഉവ്വ്; അതു ഇന്നലെ രാത്രി കഴിച്ചു."

ജാക്ക് — "നിനക്കു അപ്പോഴത്തെ പെട്ടിയുടെ താക്കോൽ കിട്ടിയോ? എന്താണ് ആ പെട്ടിയുടെ പേര്?"

ബെൻ — "സക്കാരി. ഉവ്വ്; താക്കോൽ ഇതാ, അതു തന്റെ കയ്യിലിരിക്കട്ടെ."

ജാക്ക് — "കൊള്ളാം, നല്ലതു്. ഇനി നമുക്കു പോയി അത്താഴം കഴിക്കാം. അതു കഴിഞ്ഞാൽ ഉടനെ ഉദ്ദേശിച്ച കാര്യം തുടങ്ങുകതന്നെ. ബെൻ, മുമ്പു നടക്കൂ."

കപ്യാർ നിശ്ശബ്ദമായ ആ രാത്രിയിൽ ക്രിസ്തുവിന്റെ വീടിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. അടുത്തു പിന്നാലെ ജാക്കും നടന്നു.

അര നാഴികകൊണ്ടു അവർ വീട്ടിലെത്തി. രണ്ടുപേരുംകൂടിയിരുന്നു അത്താഴം കഴിക്കാൻ തുടങ്ങി. പത്തുമിനിട്ടുകൊണ്ടു ഊണ് അവസാനിച്ചു എഴുന്നേറ്റു. അതിനുശേഷം ഒരു മഹാപാതകം ചെയ്യാനുള്ള ഒരുക്കമായി. വിൻസെന്റു പുണ്യവാന്റെ പള്ളിയകത്തു കടന്നു സക്രാരി തുറന്നു അതിലിരിക്കുന്ന വിശുദ്ധപാത്രങ്ങൾ കട്ടുകൊണ്ടു പോരാനാണ് അവരുടെ പുറപ്പാടു്. പൊന്നും വെള്ളിയും കൊണ്ടു പണി ചെയ്തിട്ടുള്ള കുസ്തോദി (വിശുദ്ധ കുർബാന വച്ചിരിക്കുന്ന പാത്രം) മുതലായ വിശുദ്ധപാത്രങ്ങൾ വളരെ വിലപിടിച്ചതാണെന്നും, അവയെ കട്ടുകൊണ്ടുപോരാൻ അശേഷം പ്രയാസമില്ലെന്നും ബെൻ നല്ലപോലെ അറിഞ്ഞിട്ടുണ്ടല്ലൊ. കളവു ഒരു തൊഴിലാക്കി ജീവിക്കുന്നവനും, കുറെ നാളായിട്ട താൻ കൂട്ടുപിടിച്ചിട്ടുള്ളവനുമായ ജാക്കിനെ അവൻ ആ വിവരം മനസ്സിലാക്കിയിരുന്നു. ജാക്ക് എന്തപകടം പ്രവർത്തിക്കാനും മടിയില്ലാത്തവനാണ്. ഒരു കാര്യം സാധിക്കണമെന്നു നിശ്ചയിച്ചാൽ പിന്നെ ജീവൻപോയാലും ശരി, അവൻ അതിൽ നിന്നു പിൻമാറുന്നവനല്ല. ഈ പാതകം ചെയ്യണമെന്നു അവൻ തീർച്ചയാക്കിക്കഴിഞ്ഞു.

രണ്ടുപേരുംകൂടി ആ വീട്ടിൽനിന്നു പുറത്തിറങ്ങി. എന്നാൽ ബെൻ തിരിഞ്ഞു വാതലടക്കാൻ ഭാവിച്ചപ്പോൾ എന്തോ ഒരു സാധനം അവന്റെ ദൃഷ്ടിയിൽ പെട്ടു. ക്രിസ്തുയേശുവിന്റെ തിരുമുഖത്തിന്റെ അതിമനോഹരമായ ഒരു പടം ചുമരിൽ തൂക്കിയിരിക്കുന്നതു് അവൻ കണ്ടു. നിഷ്കളങ്കമായ ആ തിരുമുഖത്തു മഹാ ദുഃഖത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

അതു നോക്കുന്ന ഏവന്റെയും ഹൃദയം ഇളകി അലിയാതിരിക്കയില്ല. ജാക്ക് ആ പടം കണ്ടേയില്ല. ബെൻ ആദ്യമായിട്ട് അതു കണ്ടതു അപ്പോഴാണ്.

"ജോ! അതെന്തു പടമാണ്?" എന്നു ബെൻ മകനോടു ആശ്ചര്യത്തോടുകൂടി ചോദിച്ചു.

"അതു സ്കൂളിൽ ക്രമമായി ഹാജരായിരുന്നതിനു അസ്സൂയോസച്ചൻ എനിക്കു സമ്മാനം തന്ന പടമാണ്. ഞാൻ അതു അവിടെ തൂക്കിയിട്ടു; അപ്പനോടു ആ കാര്യം പറയാൻ വിട്ടുപോയി" എന്നു ജോ മറുപടി പറഞ്ഞു.

ഈ സംഭാഷണത്തിനിടയിൽ ജാക്ക് മുന്നോട്ടു നടന്നു. ബെൻ വേഗം പിന്നാലെ ചെന്നു. രണ്ടുപേരും ഒന്നിച്ചു് ആ ഇരുട്ടത്തു യാതൊരു ജീവിയും മറിയാതെ പള്ളിയിലേക്കു തിരിച്ചു. തമ്മിൽ ഒരക്ഷരംപോലുമിണ്ടുന്നില്ല. എന്നാൽ ബെന്നിന്റെ ഹൃദയത്തിൽ എന്തോ ഒരു സമാധാനക്കേടു കടന്നുകൂടി. ദിവ്യരക്ഷകന്റെ ആ ദുഃഖകരമായ തിരുമുഖത്തിന്റെ ഓർമ്മ അയാളുടെ മനസ്സിൽനിന്നും മാറാൻ ശ്രമിച്ചിട്ടും മാറുന്നില്ല. കഴിഞ്ഞ ജീവിതകാലത്തെ സംഭവങ്ങളുടെ സ്മരണ ഓരോന്നോരോന്നായിവന്നു അയാളുടെ മനസ്സിൽ തിക്കിക്കയറുന്നു. തന്നെ ശിശുപ്രായത്തിൽ ഒരു പുണ്യവാൻ എന്നു ആളുകൾ വിളിച്ചിരുന്നതും; യൌവനദശയിൽ താൻ ഒരു ഉത്തമ ക്രിസ്ത്യാനിയായി ജീവിച്ചതും; പ്രത്യേകമായ പലേ അനുഗ്രഹങ്ങൾ തനിക്കു ദൈവത്തിൽ നിന്നു ലഭിച്ചതും; ഉദാഹരണമായി, ഒരിക്കൽ തന്റെ വഞ്ചി മുങ്ങിയപ്പോൾ വെള്ളത്തിൽ താണുമരിക്കാതെ അത്ഭുതകരമായവിധം താൻ രക്ഷപെട്ടതും; അതിലും അത്ഭുതകരമായ അനുഗ്രഹത്താൽ, തന്റെ മകൻ ജോവിനു സന്നിവാതജ്വരം പിടിപെട്ടിരിക്കയിൽ കിടാവിളക്കിലെ എണ്ണ നെറ്റിയിൽ പുരട്ടിയപ്പോൾ പൊടുന്നനവെ അവന്റെ രോഗം ശമിച്ചതും; ഈ സംഭവങ്ങളെല്ലാം അയാളുടെ ഓർമ്മയിൽ വന്നു. അതിനുശേഷം താൻ അപ്പോൾ ചെയ്യാൻ ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന കൃത്യത്തെക്കുറിച്ചു വിചാരിച്ചു. "എന്നിട്ടു ഞാൻ ഇപ്പോൾ ഈ ഇരുട്ടത്തു ഒരു പിശാചിനെപ്പോലെ എവിടെയ്ക്കാണ് വലിഞ്ഞുകയറിപ്പോകുന്നതു്? അയ്യോ! എന്തു ദ്രോഹം! യൂദാസു ചെയ്തതിനേക്കാൾ അധികം ക്രൂരകരമായ ദുഷ്കൃത്യം ചെയ്യാനല്ലെ? വെള്ളിയും പൊന്നും കൊണ്ടുള്ള പാത്രങ്ങൾ എടുക്കാൻവേണ്ടി ഞാൻ എന്തു മഹാപാപം ചെയ്യണം! സക്രാരി ബലമായി തുറക്കേണ്ടയൊ? വിശുദ്ധകുബ്ബാന നിലത്തു എറിഞ്ഞു കളയേണ്ടയൊ? ഞാൻ ഒരുകാലത്തു പള്ളിയിൽ

എത്രയൊപ്രാവശ്യം പാടിപുകഴ്ത്തിയിട്ടുള്ള ആ 'മാലാഖമാരുടെ അപ്പൂ'ത്തെ ഞാൻ നിന്ദിക്കേണ്ടയൊ?".

ഇപ്രകാരമുള്ള വിചാരങ്ങളാൽ അയാളുടെ മനസ്സുകലങ്ങി; സമാധാനമില്ലാതായി. വ്യസനത്തിന്റെ ആധിക്യത്താൽ ഭ്രമംപിടിപെട്ട മനുഷ്യനെപ്പോലെ ചലനശക്തിയില്ലാതെ നിന്നെടത്തുതന്നെനിന്നു. ജാക്കിനെ ഭയമായിരുന്നെങ്കിലും അവൻ കേൾക്കെതന്നെ "എന്റെ ദൈവമെ! എന്റെ ഗുരുശോയെ! ആ ദുഷ്ടന്ന് ചെയ്യാൻ എന്നെ അനുവദിക്കല്ലേ! ഹാ, അനുവദിക്കല്ലേ! ഒരിക്കലും അനുവദിക്കല്ലേ! ഹാ, ഒരിക്കലും, ഒരിക്കലും അരുതേ! എന്റെ ദൈവമെ, എനിക്കുവേണ്ട ധൈര്യം തരണമെ! ഞാൻ ഇനി മുന്നോട്ടുപോകയില്ല" എന്നു അയാൾ നിലവിളിച്ചു പ്രാർത്ഥിച്ചു.

ഈ വാക്കുകൾ കേട്ടപ്പോൾ ജാക്കിനു കാര്യമെല്ലാം മനസ്സിലായി. നെറ്റി വല്ലാതെ ചുളിപ്പിച്ചുകൊണ്ടു അവൻ വളരെ ഗൌരവത്തിൽ ബെന്നിനെ ഒന്നു നോക്കി. ഒന്നുരണ്ടു നിമിഷത്തേയ്ക്കു ആരും ഒന്നും മിണ്ടിയില്ല. അതിനുശേഷം കോപത്താൽ ജ്വലിച്ചു് ഇരുമ്പുകുട്ടിപോലുള്ള തന്റെ മുഷ്ടി ചുരുട്ടി ബെന്നിന്റെനേരെ വിറപ്പിച്ചു കാണിച്ചുകൊണ്ടു അവനെ ഇങ്ങനെ ഭീഷണിപ്പെടുത്തി:

"എന്താ, മടങ്ങിപ്പോകാനാണൊ ഭാവം? ഹാ, നായെ! എന്നെ നീ നല്ലപോലറിയില്ലെ? എന്നോടു കളിക്കേണ്ടാ; നീ എന്നോടുകൂടി നന്നാവിറങ്ങി; ഇനി ചതിചെയറാൻ ഞാൻ സമ്മതിക്കില്ല; ഇല്ലാ, ഞാൻ സമ്മതിക്കില്ല. വേണമെങ്കിൽ പരീക്ഷിച്ചോളൂ".

ഈ ഭീഷിണിയൊന്നും ഫലിച്ചില്ല. ബെൻ രീച്ചയാക്കിക്കഴിഞ്ഞു. ഇനി അതിനു് ഇളക്കമില്ല. അവന്റെ ധൈര്യം ഇരട്ടിച്ചു. "ഹാ, ജാക്ക്, എനിക്ക് അതു ചെയ്യുകുടാ, ദൈവാനുഗ്രഹം എന്റെ മനസ്സിനെ മാറിച്ചു. ഞാൻ അതു് ഇനി ചെയ്യില്ല. താൻ എന്നെ കൊന്നാലുംശരി, വെടിവെച്ചാലുംശരി, ഞാൻ തന്റെകൂടെ പോരില്ല". എന്നു തീർത്തുപറഞ്ഞു.

ഇത്രയും പറഞ്ഞവസാനിപ്പിച്ചതും അയാൾ തിരിഞ്ഞു വീട്ടിലേയ്ക്കു ഒരോട്ടം ഓടിയതും ഒരുമിച്ചുകഴിഞ്ഞു. എന്നാൽ ഓട്ടത്തിൽ അയാൾ ജാക്കിനോടു തോല്ക്കുകയേയുള്ളു. ജാക്ക് പിന്നാലെ പാഞ്ഞെത്തി. ബെൻ അരവിളിപ്പാടു അകലെയായപ്പോഴെയ്ക്കും ജാക്ക് അവന്റെ അടുത്തു പുറകിലായി; 'ക്രഷ്' എന്നു ഒരു സ്വരവും കേട്ടു. ജാക്ക് അവന്റെ കൈത്തോക്കു

കഴിച്ചുകഴിഞ്ഞു സാധുവായ ബെൻ പ്രാണവേദനയോടെ നിലത്തു കിടന്നു് ഉരുണ്ടു. ജാക്കിന്റെ കോപം ഇനിയും അടങ്ങിയില്ല. അവൻ അരയിൽ തിരുകിയിരുന്ന കത്തി ഊരി ആ സാധുവിന്റെ ദേഹത്തിൽ കുത്തി അവന്റെ കഥകഴിച്ചു.

മോരയിൽ കുളിക്കുന്ന ആ പ്രേതം ഇരുട്ടത്തു് ഇട്ടുംവച്ചു ജാക്കു് ഉദ്ദേശിച്ചിറങ്ങിയ കാര്യം സാധിക്കാനായി അവിടന്നു പുറപ്പെട്ടു; അവൻ പള്ളിയ്ക്കൽ എത്തി; മണിമാളികയ്ക്കു അടുത്തുചെന്നു. അവിടെ അല്പം നിന്നു ചെവിവട്ടം പിടിച്ചു. ചുറ്റുപാടെല്ലാം സകലതും ഉറക്കമാണു്; സർവ്വത്ര നിശ്ശബ്ദം. നേരത്തെകെട്ടി തയാറാക്കിയിരുന്ന ആലാത്തുകയറുപിടിച്ചു അതിന്മേൽക്കൂടി സാമർത്ഥ്യത്തോടെ കയറി ആ ജനലയ്ക്കലെത്തി. അവിടെ നിന്നും ഒരു വളഞ്ഞകോവണിയുടെ പടികൾ പതുക്കെ പതുക്കെ ചവുട്ടിയിറങ്ങി പള്ളിയകത്തു തിണ്ണയിൽ ചെന്നുനിന്നു. ഏറെനിട്ടു നേരെ അൾത്താരയുടെ അടുക്കലേയ്ക്കു നടന്നു; സക്രാരിയുടെ മുമ്പിലെത്തി; അതു തുറന്നു. അതിനുള്ളിൽ അയാൾ കണ്ടതെന്തു? വിശുദ്ധ പാത്രങ്ങളാണൊ? പൊന്നും വെള്ളിയുംകൊണ്ടുള്ള കുസ്സോദികളാണൊ? അതെ, കുസ്സോദികൾതന്നെ. പക്ഷെ അവൻ ഉദ്ദേശിച്ചമാതിരിയുള്ള കുസ്സോദികളല്ലാ; സൂര്യനേക്കാളധികം തേജസ്സുള്ളതാ കണ്ണു മഞ്ഞളിപ്പിക്കത്തക്ക പ്രകാശത്തോടുകൂടിയതുമായ എന്തൊ രീക്കട്ടകളാണു കണ്ടതു്. അവയിൽനിന്നു ശോഭയേറിയ അസംഖ്യം രശ്മികൾ പുറപ്പെട്ടിരുന്നു.

ദൈവാനുഗ്രഹത്തിന്റെ രശ്മികളും അതോടുകൂടിതന്നെ പുറപ്പെട്ടു് ആ കള്ളന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചു. ആ രശ്മികളുടെ അത്ഭുതകരമായ ശക്തിയ്ക്കു അടിപെട്ടു് അവൻ നിലത്തു സാഷ്ടാംഗം വീണു. ദൈവകാരുണ്യത്തിന്റെ ശക്തി അവനെ പിടിച്ചടക്കി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു അവൻ എഴുന്നേറ്റു. അപ്പോൾ അവൻ ആൾതീരെ പകർന്നതായിട്ടാണു കണ്ടതു്; മഹാ തെമ്മാടിയും, വലിയ അവിശ്വാസിയും, പെരുങ്കള്ളനും, ക്രൂരകൊലപാതകനുമായിരുന്ന ജാക്കു് സാക്ഷാൽ ഒരു അനുതാപിയും, ഉത്തമ കത്തോലിക്കനും, ദൈവത്തിന്റെ ഒരുപുത്രനുമായിത്തീർന്നു.

നേരം പാതിരാത്രികഴിഞ്ഞു മണി ഒന്നായി. വിൻസെന്റുപുണ്യവാന്റെ പള്ളിയിലെ ഭക്തനായ വികാരി അരുയോസച്ചൻ ഇനിയും ഉണർന്നിരിക്കയാണു്. അദ്ദേഹം ഇരിന്നേടത്തുനിന്നു എഴുന്നേറ്റു ഉറങ്ങാൻ പോകാൻ ഭാവിച്ചപ്പോൾ വാതുക്കൽ ആരൊ മുട്ടുന്നതുകേട്ടു. ഏതൊ ദീനക്കാരനു അന്ത്യകൂദാശ കൊടുക്കാൻ ആരൊ തന്നെ വന്നു വിളിയ്ക്കുയാണെന്നു

വിചാരിച്ച അദ്ദേഹം ക്ഷണം വാതൽതുറന്നു. എന്നാൽ അപ്പോൾ കണ്ടതു എന്തു? പ്രാകൃതവേഷംധരിച്ചതും ഒരു കാട്ടാളന്റെ ഭാവമുള്ളതുമായ ഒരു മനുഷ്യരൂപം! ആദ്യത്തേനോട്ടത്തിൽ പട്ടക്കാരൻ വല്ലാതെ ഒന്നു പരിഭ്രമിച്ചു. എന്നാൽ അയാളുടെ വികൃതമായ മുഖത്തു വ്യസനാലക്ഷണങ്ങൾ കണ്ടതോടുകൂടി അദ്ദേഹത്തിന്റെ പരിഭ്രമം അനുകമ്പയായി പകർന്നു. രണ്ടുപേരുടേയും കണ്ണുകൾതമ്മിൽ ഇടഞ്ഞു. ആ മനുഷ്യൻ ഒരക്ഷരംപോലും ശബ്ദിക്കുന്നില്ല. എങ്കിലും കണ്ണിൽനിന്നു അപ്പോൾ പൊട്ടിപ്പുറപ്പെട്ട വെള്ളം അയാളുടെ ഹൃദയം അടിത്തട്ടുവരെ കലങ്ങിയിരിക്കുന്നുണ്ടെന്നു വിളിച്ചുപറഞ്ഞു. അന്ത്രയോസച്ചനു തന്റെ ഉള്ളിലുള്ള വികാരങ്ങളെ അടക്കിനിർത്താൻ ശക്തിയില്ലാതായി. അദ്ദേഹം ആ കഷ്ടപ്പെടുന്ന മനുഷ്യനെ കൈക്കു പിടിച്ചു പതുക്കെ അകത്തേക്കുകയറി. എന്നിട്ടു അയാൾ ആരാണെന്നും, ആ അർദ്ധരാത്രിസമയം എന്തു കാര്യമാണു സാധിക്കേണ്ടതെന്നും ചോദിച്ചു.

"ഹാ, എന്റെ അച്ചാ"! എന്നു അയാൾ മന്ദം മന്ദം മുറുപടി പറവാൻ തുടങ്ങി.

"ഞാൻ ഒരു കള്ളനാണ്, അച്ചാ. ഒരു കൊലപാതകൻ; ഒരു ദ്രോഹി; ഭവനങ്ങളിൽ കയറി കക്കുന്നവൻ; പള്ളികളിൽ കയറി കക്കുന്നവൻ; എന്റെ പേർ ജാക്ക് എന്നാണ്. ഞാൻ പാക്കുന്നതു ടിങ്ങ്ടണിൽ ആണ്, അച്ചാ—ഇവിടെനിന്നു ഒൻപതുനാഴിക ദൂരത്തിൽ—ഞാൻ ഇവിടെ കക്കാൻ വന്നവനാണ്; സക്രാരിയിലുള്ള പൊൻപാത്രങ്ങൾ കക്കാൻ—എന്നാൽ, അഹൊ! ദൈവകാരുണ്യം ആശ്ചര്യകരംതന്നെ! ദൈവം എന്റെ ഹൃദയത്തിന്റെ കണ്ണുതുറന്നു; അവിടന്നു എന്നെ രക്ഷിച്ചു. ദൈവം സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്നുണ്ട്; ഉവ്വ്, എഴുന്നെള്ളിയിരിക്കുന്നുണ്ട്. ഞാൻ അതു വിശ്വസിക്കുന്നു; അച്ചാ, എനിക്കു മമ്മോദീസാമുങ്ങാൻ ആഗ്രഹമുണ്ട്. അതിനാണു ഞാൻ വന്നിരിക്കുന്നതു."

അന്ത്രയോസച്ചനു സമസ്തവും മനസ്സിലായി. ദൈവകാരുണ്യം ഇയാളെ ജയിച്ചുവെന്നു അദ്ദേഹം കണ്ടു. കുറഞ്ഞൊരു ഉപദേശം കൊടുത്തശേഷം ആ അനുതാപിയുടെ ശിരസ്സിൽ നിത്യജീവന്റെ വെള്ളം ഒഴിക്കയും അയാളെ രക്ഷയുടെ പെട്ടകമായ കത്തോലിക്കസഭയിലേയ്ക്കു സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം, തന്റെപേരിൽ ഇത്ര ദയവുണ്ടായതിനു ആ ഭക്തനായ പട്ടക്കാരനു നന്ദിപറഞ്ഞുകൊണ്ടു ജാക്ക് യാത്രചോദിച്ചു പിരിഞ്ഞു.

പിറേന്നാൾ പുലർന്നു. നിർഭാഗ്യകരവും വ്യസനപൂർണ്ണവുമായ ഒരു ദിവസം! കൊല്ലപ്പെട്ട ബെന്നിന്റെ പ്രേതം വഴിയിൽ കിടക്കുന്നതുകണ്ടു പോലീസുകാർ അന്വേഷണം നടത്തി. ജാക്കിനെ പിടിച്ചു തടവിലാക്കി. അവൻ കുറ്റം സമ്മതിച്ചു. അവനെ തൂക്കിലിട്ടുകൊല്ലാൻ വിധിയുമുണ്ടായി. വിധി നടത്തുന്നദിവസംവരെ ജാക്ക് പാറാവിന്റെ ഉള്ളറയിൽ തനിച്ചു കിടക്കുകയാണ്. ആയവസരങ്ങളിൽ അന്ത്രയോസച്ചൻ കൂടക്കൂടെ അവനെ ചെന്നുകണ്ടിരുന്നു. അദ്ദേഹം അവനു മരണഭയം അശേഷം ഇല്ലാതാകുവാനും ഹൃദയത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകുവാനും വളരെ ശ്രമിച്ചു. വിധി നടത്താൻ നിശ്ചയിക്കപ്പെട്ട ദിവസം വന്നു. അന്നു രാവിലെ അവൻ കുമ്പസാരിച്ചു വി. കുർബ്ബാന ഉൾക്കൊണ്ടു. തൂക്കിക്കൊല്ലാൻ കൊണ്ടുപോയ സമയത്തും തോലുവയെ ആ പട്ടക്കാരൻ അവന്റെ കൂടെതന്നെയുണ്ടായിരുന്നു. ദൈവം കരുണയുള്ളവനാകുന്നു; അവിടുന്നു അവന്റെ കുറ്റത്തിനു മാപ്പുകൊടുത്തിട്ടുണ്ടെന്നും, അതിനാൽ അവനെ അവിടുന്നു തന്റെ തൃക്കരങ്ങളിൽ സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കയാണെന്നുമുള്ള സദുപദേശങ്ങൾ അവനു പറഞ്ഞുകൊടുത്തു. ഒരുശോ, മറിയമെ, യൌസേപ്പേ, എന്നു വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടു ജാക്ക് യഥാർത്ഥമായ അനുതാപത്തോടും പൂർണ്ണസമാധാനത്തോടുംകൂടി മരണം പ്രാപിച്ചു.

അഭിനയപ്പാട്ട്. (Action song)

രണ്ടു സ്നേഹിതന്മാർ.

("ആരിതാരഹോ" എന്ന പാട്ടിന്റെ ആദ്യത്തെ രണ്ടടിയുടെ മട്ട്.)

ഒന്നാമൻ — വേദപാഠങ്ങൾ പഠിക്കുവാനെന്നെ
സോദരാ സഹായിച്ചീടുമോ കനിഞ്ഞുതാൻ

രണ്ടാമൻ — മോദമോടെഞാൻ സഹായിക്കാംസഖേ
എന്തുപാഠമാണു നാമെടുത്തിടേണ്ടതു?

ഒ. ദൈവം നമ്മുടെ സർവ്വസമ്പത്തല്ലയോ
ദൈവത്തെക്കുറിച്ചുതന്നെ ആദ്യം കേൾക്കണം;
ദൈവമാരെന്നും സ്വഭാവമെന്തെന്നും
ദൈവലക്ഷണങ്ങളേവയെന്നും ചൊല്ലുക.

ര. ദൈവമോ, തന്നാൽതാനായപുരുഷൻ
ദൈവത്തിൽനിന്നാണ്ട പിന്നെയുള്ളതൊക്കയും.
ദേഹമുണ്ടെന്നോ, രൂപമുണ്ടെന്നോ,
ഊഹിക്കേണ്ട, ദൈവത്തിന്ന രണ്ടുമില്ലിവ.
ബുദ്ധിശക്തിയും ഇച്ഛാശക്തിയും
സിദ്ധമായിരിക്കുന്ന അരൂപിയാകുന്ന.

ഒ. ദേഹമില്ലെങ്കിൽ ദൈവമെങ്ങനെ
ദേഹമുള്ളപോൽ പ്രവൃത്തിചെയ്യുന്നസഖേ?
കണ്ണും കാതും കൂടാതെയാക്കയും
എണ്ണിയെണ്ണികണ്ടും കേട്ടും വാഴ്ച്ചതെങ്ങനെ?

ര. ബോധജ്ഞാനത്തിൽ പ്രയോഗത്താൽ ദൈവം
സാധിക്കുന്ന കണ്ണും കാതും ചെയ്തതൊകയും.

ഒ. ഏതു ദൈവമുണ്ടെന്നു ചൊല്ലുക
ഏതുയാണ ദൈലക്ഷണങ്ങളെന്നതും.

ര. ഏകദൈവമേയുള്ളു സ്നേഹിതാ
ഏകനായ ദൈവംതന്നെ ശ്രീതപമാകുന്ന.
ഏകമെന്നതു സപദേവമാണെടോ
ഏകമാം സപഭാവംതന്നിലാകുമൂന്ന.
ലക്ഷണങ്ങളോ, ഏറെയുണ്ടതിൽ
തൽക്ഷണം പറഞ്ഞിടാം പ്രധാനമായവ
ആദിഹീനനായ്, അനന്തജീവിയായ്
ദേഹേതുമേശിടാത്ത നിത്യസതപമായ്,
സർവ്വശക്തനായ്, സർവ്വജ്ഞാനിയായ്,
സർവ്വും ഭരിച്ചുകൊണ്ട ദൈവംവാഴ്ന്നു.

ഒ. ഉന്നതത്തിലോ, ഈ ഭ്രമിതന്നിലോ,
ഇന്നുദിക്കിലാണ ദൈവമെന്നറിയണം.

ര. ഉന്നതത്തിലും ഈ ഭ്രമിതന്നിലും
എന്നുവേണ്ട ഏതിടത്തും ദൈവമുണ്ടെടോ.

ഒ. വന്നകായ്വും വരേണ്ടകായ്വും
ഒന്നുപോലെ ദൈവദൃഷ്ടി കണ്ടിടുന്നുണ്ടോ?

ര. വന്നുപോയെന്നോ, വരേണ്ടതാണെന്നോ,
എന്ന ഭേദമില്ലതെല്ലും ദൈവദൃഷ്ടിയിൽ
ഉള്ളിലുള്ളതും വെളിയിലുള്ളതും
ഉള്ളപോലെതന്നെ ദൈവം കണ്ടുപോരുന്നു.

ഒ. ഇത്ര പൂർണ്ണവാനായ ഈശനു
മർത്ത്യരായ നമ്മളോടു സ്നേഹമെങ്ങനെ.
നമ്മളെ സഹായിച്ചീടുമോ ദൈവം
നമ്മൾക്കാക്കും വേണ്ടതൊക്കെത്തന്നുകൊള്ളുമോ?

ര. മണ്ണിൽനിന്നു നിർമ്മിച്ചനമ്മളെ
കണ്ണിലുണ്ണിപോലെ ദൈവംകാത്തിടുന്നുണ്ടു
എങ്കിലുംസഖേ, നീതിനോക്കിയും
ശങ്കവിട്ടനമ്മളോടു വർത്തിച്ചീടുന്നു.
ദുഷ്ടശിഷ്ടയും ശിഷ്ടരക്ഷയും
സ്പഷ്ടമായ് നടത്തിടുന്നു ദൈവം നീതിയായ്.
പാപംചെയ്തെന്നാൽ കോപത്താൽദൈവം
ശാപമേകി തന്നിൽനിന്നകറ്റുംമർത്ത്യരെ
ശുദ്ധരായിനാം ജീവിച്ചീടുകിൽ
ബദ്ധസ്നേഹത്തോടനൽകും സ്വർഗ്ഗമീശപുരം.

ഒ. കേൾക്കുകുസഖേ, യിതോർത്തുനോക്കിയാൽ
ആക്കുതോന്നും ദൈവത്തെമറന്നുജീവിപ്പാൻ

ര. നമ്മളൊക്കെയും ദൈവകല്പന
ഇമ്മിപോലും ലംഘിക്കാതെ വർത്തിച്ചീടണം.

അമ്മ ജോലിയിലിരിക്കുമ്പോൾ കുട്ടികളാരെങ്കിലും വികൃതികാണിച്ചാൽ ഇങ്ങിനെ പറയുക പതിവാണ്: "ക്ഷമിക്കൂ, ഞാൻ ഇതാ വരുന്നു"; എന്നിട്ടു ചെന്നു കുട്ടിയെ പിടിച്ചു ശിക്ഷിക്കും. അവർ ഒരിക്കൽ തന്റെ ആറുവയസ്സുള്ള കുട്ടിയെ പീടികയിൽ ഉപ്പുവാങ്ങാൻ അയച്ചു. കുട്ടി മടങ്ങിവന്നു, "അമ്മേ, ഉപ്പു മേടിച്ചില്ല. എനിക്കു ആ പീടികക്കാരനെ പേടിയാണ്." എന്നു പറഞ്ഞു. അമ്മ "എന്തിനു പേടിക്കുന്നു. അയാൾ ഒന്നും ചെയ്യില്ല. നീ പോയി ഉപ്പു വാങ്ങിക്കൊണ്ടുവരൂ." കുട്ടി പോയി. കരഞ്ഞുകൊണ്ടു പിന്നെയും മടങ്ങിവന്നു. അമ്മ, പരിഭ്രമിച്ചു "എന്തുപറ്റി മകനെ"? കുട്ടി കരഞ്ഞുകൊണ്ടു "ഊ-ഉ എനിക്കു ആ പീടികക്കാരനെ പേടിയാണ്. ഞാൻ രണ്ടുനാലുപ്രാവശ്യം അയാളുടെ അടുത്തു ചെന്നു. അപ്പോഴൊക്കെ "ക്ഷമിക്കൂ, ഞാൻ ഇതാ വരുന്നു" എന്നാണ് പറഞ്ഞതു്.

വേദോപദേശ കഥകൾ.

ഒരു പ്രൌഢ ജ്ഞാനധ്യാനം കഴിക്കുവാൻ ഒരു സന്ന്യാസാശ്രമത്തിൽ ചെന്നു. ആശ്രമശ്രേഷ്ഠൻ അയാൾക്കു വായിക്കാൻ ഒരു വേദോപദേശ പുസ്തകം കൊടുത്തു. പ്രൌഢ ആശ്ചര്യപ്പെട്ടു ചോദിച്ചു: "എന്താ! എന്നെ നിലത്തെഴുത്തു പഠിപ്പിക്കാൻ പോകയാണോ?" ആശ്രമശ്രേഷ്ഠൻ ഉടനെ അയാളോടു വേദപാഠത്തിലെ ചില സംഗതികൾ ചോദിക്കാൻ തുടങ്ങി. അതിനു തൃപ്തികരമായവിധം ഉത്തരം പറവാൻ അയാൾക്കു സാധിച്ചില്ല. അതുകണ്ടു ആശ്രമശ്രേഷ്ഠൻ പറഞ്ഞു "അത്മനികളിൽ പലർക്കും, മറുകായ്ത്തുകളിൽ ജ്ഞാനവും യോഗ്യതയുമുള്ളവർക്കുതന്നെയും, വേദകായ്ത്തുകളിൽ അറിവു വളരെ കുറവാണ്. ഈ ചെറിയ വേദോപദേശപുസ്തകം നീയും അതു വിലവയ്ക്കുന്നില്ലല്ലൊ. എന്നാൽ അതിൽ വേദശാസ്ത്രത്തിന്റെ സംക്ഷേപം മുഴുവനും അടങ്ങിയിട്ടുണ്ട്. ചെറുപ്പത്തിൽ അതു വായിച്ചു പഠിച്ചിട്ടുണ്ടെങ്കിലും പ്രായംചെല്ലുമ്പോൾ അതു വായിച്ചുകൊണ്ടിരിക്കണം. അല്ലാത്തപക്ഷം അതു മറന്നുകളയാൻ എളുപ്പമുണ്ട്". ഈ ഉപദേശം ഫലിച്ചു. അന്നുമുതൽ ആ പ്രൌഢ ഒരു വേദോപദേശപുസ്തകം കൂടെ കൊണ്ടുനടക്കുകയും അതു നിത്യം വായിക്കുകയും ചെയ്തിരുന്നു.

ഒരു പട്ടക്കാരന്റെ ദേവമാതാവിന്റെ ഒരു പ്രസിദ്ധപ്പെട്ട കപ്പേളയിൽ കുമ്പാനചൊല്ലി. അല്പം കഴിഞ്ഞപ്പോൾ ഒരു കുപ്പിത്താൻ അവിടെ വന്നു. തനിക്കു കുമ്പാന കാണാൻ ആഗ്രഹമുള്ളതുകൊണ്ടു ഒരു കുമ്പാന കൂടി ചൊല്ലണമെന്നു അയാൾ അദ്ദേഹത്തോടു അപേക്ഷിച്ചു. "എന്തു! ഇതു അറിഞ്ഞുകൂടയോ? ഒരു ദിവസം രണ്ടു കുമ്പാന ചൊല്ലാൻ പാടില്ലല്ലൊ." എന്നായിരുന്നു പട്ടക്കാരന്റെ മറുപടി. ക്ഷീണംകൊണ്ടായിരിക്കാം അദ്ദേഹം അങ്ങനെ പറയുന്നതു എന്നു വിചാരിച്ചു കുപ്പിത്താൻ വീണ്ടും പറഞ്ഞു. "എന്നാൽ അച്ചൻ ദയവുചെയ്തു എന്റെ കൂടെ വരിക; നമുക്കൊരുമിച്ചു കുപ്പികുടിക്കാം. ക്ഷീണം മാറുമ്പോൾ ഒരു കുമ്പാനകൂടി ചൊല്ലാൻ പ്രയാസമുണ്ടാകയില്ല. എനിക്കു ധൃതിയില്ല. ഞാൻ എത്ര നേരമെങ്കിലും താമസിക്കാം." കുപ്പിത്താനു വേദകായ്ത്തിൽ അറിവു കുറവാണെന്നു പട്ടക്കാരനു മനസ്സിലായി. ഒരു പട്ടക്കാരനു ഇഷ്ടംപോലെ ഒന്നിലധികം കുമ്പാനചൊല്ലാൻ പാടില്ലെന്നും കുമ്പാന ചൊല്ലുന്നതിനു മുമ്പു നോമ്പു നോക്കണമെന്നുമുള്ള പ്രമാണങ്ങളെ അദ്ദേഹം ആ കുപ്പിത്താനെ പറഞ്ഞു മനസ്സിലാക്കേണ്ടിവന്നു.

ആശീർവ്വാദങ്ങളും അഭിപ്രായങ്ങളും.

വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് :

Ernakulam, 20th. September 1925.

My dear Rev. Father,

IT has given me great pleasure to receive the first issue of the new publication കഥാചന്ദ്രിക. Its purpose and programme is well described in those words of the Gospel which you have adopted as your Magazine's motto: "Jesus taught them many things in parables!" Your undertaking, which answers a great need that was being felt in Malabar, deserves praise and encouragement. I hope it will meet a cordial welcome in all the Catholic homes.

With all my heart I bless you and your Magazine and wish your work every success.

Yours sincerely in our Lord

† A. M. PEREZ CECILIA,
Archbishop of Verapoly.

(ഇതിന്റെ തർജ്ജമ)

എറണാകുളം, 20 സെപ്റ്റംബർ 1925.

പ്രിയ ബ. അച്ചാ,

« കഥാചന്ദ്രിക » എന്ന പുതിയ മാസികയുടെ ആദ്യലക്കം കിട്ടിയതിൽ നമുക്കു വളരെ സന്തോഷമുണ്ട്. « ഗുരുശ്രേ അവരെ പലതും കഥാരൂപേണ പഠിപ്പിച്ചു » എന്ന സുവിശേഷവാക്യത്തെ മാസികയുടെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതുകൊണ്ടുതന്നെ അതിന്റെ ഉദ്ദേശവും കായ്പരിപാടിയും നല്ലവണ്ണം വെളിപ്പെടുന്നു. ഇത്തരം ഒരു പ്രസിദ്ധീകരണം കേരളത്തിൽ വളരെ ആവശ്യമായിരിക്കകൊണ്ടു നിങ്ങളുടെ ഉദ്യമത്തെ പൊതുജനങ്ങൾ അഭിനന്ദിക്കയും ആദരിക്കയും ചെയ്യേണ്ടതാണ്. എല്ലാ കത്തോലിക്കകുടുംബങ്ങളും ഈ മാസിക സന്തോഷപൂർവ്വം വരുത്തി വായിക്കുമെന്നാണ് നമ്മുടെ വിശ്വാസം.

നിങ്ങളേയും നിങ്ങളുടെ മാസികയേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കയും, നിങ്ങളുടെ പരിശ്രമങ്ങൾക്കു സകലവിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

എ. എം. പീരിസ് സിസിലിയാ,
വരാപ്പുഴ മെത്രാപ്പോലീത്ത.

കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്:

കോട്ടയം,
18 സെപ്റ്റംബർ 1925.

പ്രിയ ബ. അച്ചാ,

"കഥാചന്ദ്രിക" എന്ന നാമത്തിൽ ഒരു മാസിക നിങ്ങൾ ആരംഭിക്കുവാൻ പോകുന്നെന്നുള്ള പത്രങ്ങളിൽ വായിച്ചപ്പോൾ ഇതെന്തായിരിക്കുമെന്നു കാണുവാൻ നാം കാത്തിരിക്കുകയായിരുന്നു. ആദ്യലക്കം ലഭിച്ച മാത്രയിൽ തലക്കെട്ടിൽ കണ്ട നമ്മുടെ ദിവ്യരക്ഷനാഥന്റെ ഉപമാപ്രസംഗത്തെ പറ്റിയുള്ള തിരുവാക്യം ചന്ദ്രികയുടെ ഗതിയെ നമ്മെ ഗ്രഹിപ്പിച്ചു.

ബുദ്ധിവികാസം ഉള്ളവർക്കും ഇല്ലാത്തവർക്കും കഥാരൂപേണ ഓരോ സംഗതി ഗ്രഹിക്കുവാൻ എളുപ്പമുണ്ട്. നമ്മുടെ കർത്താവിന്റെ കാലത്തുണ്ടായിരുന്നവർക്കും അങ്ങെ പ്രസംഗം കേട്ടവർക്കും എന്നതുപോലെ ഇന്നുള്ളവർക്കും അങ്ങനെതന്നെ.

ആദ്യലക്കം, നിങ്ങൾതന്നെ പ്രസ്താവിച്ചിരിക്കുന്നതുപോലെ, ഈ അർത്ഥം മുഴുവനായി വായനക്കാരെ ഗ്രഹിപ്പിക്കുകയില്ല. ക്രമേണ ഇതു സഫലീകരിച്ചു കാണുമെന്നു നമുക്കു വിശ്വാസമുണ്ട്.

നിങ്ങളുടെ ഉദ്യമത്തെ നാം ശ്ലാഘിക്കുകയും "ചന്ദ്രിക"യേയും അതിന്റെ പ്രവർത്തകരേയും വായനക്കാരേയും നാം ആശീർവദിക്കുകയും ചെയ്യുന്നു.

അലക്സാണ്ടർ മൂളപ്പുറമ്പിൽ
കോട്ടയം മെത്രാൻ.



ശ്രീമാൻ സി. അന്തപ്പായി ബി. എ. അവർകൾ.

"കാഥാചന്ദ്രിക"യുടെ ഒന്നാംലക്കം ഞാൻ വായിച്ചു. അതിന്റെ പത്രാധിപരായ ദിവ്യശ്രീ ജേക്കബ് നടുവത്തൂശേരിൽ അവർകളെ കേരളഭാഷാഭിജ്ഞന്മാർക്ക് ആരും പരിചയപ്പെടുത്തണമെന്നില്ല. ലോകോപകാരപ്രദങ്ങളായ അനേകം കൃതികളുടെ കർത്താവും വാഗ്മിയുമായ ഇദ്ദേഹം യുവജനങ്ങളുടെ സന്മാർഗ്ഗോപദേശത്തിനായി ചെറുകഥകളുടങ്ങിയ ഒരു മാസിക തുടങ്ങിയിരിക്കുന്നതു അത്യന്തം അഭിനന്ദനീയം തന്നെ. എഴുതിയെഴുതി കൈതഴമ്പിച്ചിട്ടുള്ള ഈ പുരോഹിതനു ലളിതവും കൃത്രിമരഹിതവുമായ രീതിയിൽ വാചങ്ങളെ എഴുതുവാൻ കഴിയുന്നതിൽ എന്താണത്ഭുതം? ഇപ്രകാരമുള്ള ഒരു മാസികയുടെ ആവശ്യകതയെ ഒന്നാം ലക്കത്തിന്റെ പ്രസ്താവനയിൽ നല്ലവണ്ണം സമർത്ഥിച്ചിട്ടുമുണ്ട്.

സത്യനാദം.

. . . . ഇങ്ങനെയൊരു പുതിയ മാസികാ " ചന്ദ്രിക " കേരളീയകത്തോലിക്കാ സാഹിത്യാന്തരീക്ഷത്തിൽ ഉദിച്ചു കാണുന്നതിൽ ഞങ്ങൾക്കു അനല്പമായ സന്തോഷമുണ്ട്. കഥകൾ മുഖേന കായ്യം ഗ്രഹിപ്പിക്കുക എന്നതു ഫലപ്രദമായ ഒരു മാർഗ്ഗമാണ്. കഥകൾ വായിക്കാൻ സഹജമായുള്ള താല്പര്യംകൊണ്ടു നമ്മുടെ കുട്ടികളിൽ പലരും കൊള്ളരുതാത്ത കഥകൾ തേടിപ്പോകയും അപകടത്തിൽ കുടുങ്ങുകയും ചെയ്യുമാറുണ്ട്. ഈ ദോഷം പരിഹരിക്കാൻ ഒരു പ്രത്യേക കഥാമാസിക നമുക്കുണ്ടായിക്കണ്ടാൽ കൊള്ളാമെന്നു ഞങ്ങൾ ഏറെക്കാലമായി ആഗ്രഹിച്ചുകൊണ്ടിരുന്നിട്ടുള്ളതാണ്. " കഥാചന്ദ്രിക " കുട്ടികളുടെ ആവശ്യംതന്നെ പ്രധാനമായി നിർവ്വഹിക്കാൻ ഉറച്ചുകാണുന്നതു് നന്നായിട്ടുണ്ട്. . . . . .
. . . . കുട്ടികളെന്നുവേണ്ടാ മുതിർന്നവരെയും ഈ മാസിക രസിപ്പിക്കാതിരിക്കയില്ല. ഇതിന്റെ ഭാഷാലാളിത്യം പ്രത്യേകം പ്രശംസാർഹമായിരിക്കുന്നുണ്ട്.

നസ്രാണിദീപിക.

. . . . കഥകൾ കേൾക്കുന്നതിനും വായിക്കുന്നതിനും കുട്ടികൾക്കുള്ള കൌതുകവും ആഹ്ലാദവും അസാമാന്യമാകയാൽ ഈ മാർഗ്ഗത്തിലൂടെ അവരെ സന്മാർഗ്ഗത്തിൽ നയിക്കുന്നതിനു വളരെ സൌകര്യമുണ്ടെന്നുള്ളതിനു സംശയമില്ല. ഇക്കാലത്തു പല പത്രങ്ങളിലും മാസികകളിലും സാധാരണയായി പ്രസിദ്ധീകരിച്ചുവരുന്ന കഥകൾ കുട്ടികൾക്കു വളരെ ദോഷകരമാണെന്നുള്ളതു പ്രസിദ്ധമായ ഒരു വാസ്തവമാകുന്നു. ആ സ്ഥിതിക്കു അവരുടെ ശ്രദ്ധയെ അതുകളിൽനിന്നു ആകർഷിക്കത്തക്ക ഗുണങ്ങളോടുകൂടി ഈദൃശമായ ഒരു മാസിക പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചതിൽ ഭാരവാഹികളെ പ്രത്യേകം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതിന്റെ വിജയം പൊതുജനങ്ങളുടെ സഹകരണത്തിലാകയാൽ നിവൃത്തിയുള്ളവരെല്ലാം ഈ മാസികവരുത്തുകയും തങ്ങളുടെ സന്താനങ്ങളേക്കൊണ്ടു ഇതു വായിപ്പിക്കയും ചെയ്യേണ്ടതാണ്. ഒരിക്കൽ വായിക്കാൻ തുടങ്ങിയാൽ പിന്നെ ഒഴിച്ചുകൂടാത്തതോന്നിക്കുന്ന ഒരു ആകർഷണീയത ഇപ്പോൾത്തന്നെ ഇതിൽ കാണാറായിട്ടുണ്ട്. ഇതിലെ വിഷയങ്ങളുടെ ഭാഷയും വാചകരചനയും കഴിയുന്നതും ലളിതമായിട്ടുള്ളതിനാൽ സാധാരണ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ ഹൃദ്യമായി തോന്നാതിരിക്കയില്ല. ആണ്ടിൽ ഒന്നര രൂപാ മാത്രം വരിസംഖ്യ നിശ്ചയിച്ചിട്ടുള്ള ഈ മാസികയ്ക്കു എല്ലാ കുടുംബങ്ങളിലും പ്രചാരം സിദ്ധിച്ചു കാണ്മാൻ ഞങ്ങളാഗ്രഹിക്കുന്നു.

പ്രസാധകക്കുറിപ്പുകൾ.

———:o:———

തെളിവു വേണമോ ?

ഒരു കഥാമാസിക കേരളത്തിലെ ഭൂരിപക്ഷം കത്തോലിക്കർക്കു ഉപകാരമുള്ളതെന്നു മാത്രമല്ല, അവശ്യാവശ്യവുമായ ഒരു പ്രസിദ്ധീകരണമാണെന്നുള്ള അഭിപ്രായത്താലാണല്ലൊ ഞങ്ങൾ « കഥാചന്ദ്രിക » പുറപ്പെടുത്താൻ രീച്ച്യയാക്കിയതു്. ആ അഭിപ്രായം എത്രയും ശരിയായിട്ടുള്ളതാണെന്നും, അതിനാൽ ഞങ്ങളുടെ ഉദ്യമംകൊണ്ടു കേരളീയകത്തോലിക്കരുടെ ഒരു വലിയ ആവശ്യം നിർവ്വഹിക്കപ്പെട്ടുമെന്നും കാണുന്നതിൽ ഞങ്ങൾക്കു അനല്പമായ ചാരിതാർത്ഥ്യമുണ്ടു്. നമ്മുടെ വന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ പൈതൃകമായ ആശീർവ്വാദങ്ങളും സാഹിത്യനേതാക്കന്മാരുടെ ദയാപൂർവ്വമായ അഭിനന്ദനങ്ങളും പത്രപ്രവർത്തകന്മാരുടെ വിലയേറിയ അഭിപ്രായങ്ങളുമാണു് ഈ പ്രസ്ഥാവനയെ സംപുഷ്ടീകരിക്കാൻ ഞങ്ങൾക്കുള്ള തെളിവു്. അവയിൽ ചിലതിനെ ഈ ലക്കത്തിൽതന്നെ വേറൊരിടത്തു ചേർത്തിട്ടുള്ളതു ശ്രദ്ധാപൂർവ്വം വായിക്കേണമെന്നു ഞങ്ങൾ മാന്യമഹാജനങ്ങളോടു അപേക്ഷിച്ചുകൊള്ളുന്നു.

വരിക്കാരോടു്—

« ചന്ദ്രിക » യുടെ ആദ്യലക്കം ധൃതഗതിയിൽ പുറപ്പെടുത്തേണ്ടിവന്നതിനാൽ ഒരൊ പ്രതികൾ മാത്രമേ അടിക്കാൻ സാധിച്ചുള്ളു. അവയിൽ അധികഭാഗവും അപേക്ഷകന്മാർക്കാണു് അയച്ചുകൊടുത്തതു്. ഏതാനും പ്രതികൾ വരിക്കാരായിരിപ്പാൻ ആഗ്രഹമുള്ളവരെന്നു ഞങ്ങൾക്കു ബോദ്ധ്യമുള്ള ചില മാന്യന്മാരുടെ മേൽവിലാസത്തിലും അയച്ചു. അങ്ങനെ ആ ലക്കം ഇപ്പോൾ അവസാനിച്ചിരിക്കയാണു് രണ്ടാം ലക്കം കൂടുതൽ പ്രതികൾ അടിച്ചിട്ടുണ്ടു്. അതു് ആദ്യലക്കം സ്വീകരിച്ചവർക്കും, പുതിയ അപേക്ഷകന്മാർക്കും, വരിക്കാരായിരിപ്പാൻ മനസ്സുള്ളവരെന്നു ഞങ്ങൾക്കു നിശ്ചയമുള്ള മറ്റു പല മാന്യന്മാർക്കും അയക്കുന്നു. ഈ ലക്കം കൈപ്പറ്റുന്നവരിൽ ആരെങ്കിലും വരിക്കാരായിരിപ്പാൻ സമ്മതമില്ലാത്തവരുണ്ടെങ്കിൽ വിവരം ഉടൻ ഒരു കത്തുമൂലം ഞങ്ങളെ അറിയിക്കയൊ, മാസിക മടക്കി അയക്കുകയൊ ചെയ്യണമെന്നപേക്ഷ. അപ്രകാരം ചെയ്യാത്തവരെ ഞങ്ങൾ വരിക്കാരായി ഗണിക്കുന്നതും അവർക്കു മാസിക മുറപ്രകാരം അയച്ചുകൊടുക്കുന്നതുമാണു്. മൂന്നാം ലക്കം പുറപ്പെടുന്നതിനു മുമ്പു അവർ വരിപ്പണം അയച്ചുതരണമെന്നും, അല്ലാത്തപക്ഷം ആ ലക്കം വി. പി. ചുമത്തി അവരുടെപേക്കു് അയക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

"കഥാചന്ദ്രിക"

മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

"കേരളദാസൻ."

കത്തോലിക്കരുടെ രാഷ്ട്രീയാവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനും രാഷ്ട്രീയ കാര്യങ്ങളിൽ അവക്കു നേരിട്ടിരിക്കുന്ന അസമത്വങ്ങളെ പരിഹരിക്കുന്നതിനും വേണ്ടി, സമുദായാഭിമാനികളായ പല മാന്യകത്തോലിക്കാനേതാക്കന്മാരുടേയും സഹായസഹകരണങ്ങളോടുകൂടി, തിരുവിതാംകൂറിന്റെ തലസ്ഥാനനഗരിയിൽനിന്നു ആഴ്ചതോറും പുറപ്പെടുന്ന "കേരളദാസൻ" പത്രത്തിന്റെ വരിക്കാരായി ചേർന്നു ഞങ്ങളുടെ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കണമെന്നു സകല കത്തോലിക്കാസഹോദരന്മാരോടും വിനയമായി അപേക്ഷിച്ചുകൊള്ളുന്നു.

വരിസംഖ്യ		പരസ്യക്കൂലി	
ആണ്ടടക്കം മുൻകൂർ.		മാസംപ്രതിമുൻകൂർ.	
തിരുവിതാംകൂർ—കൊച്ചി—ബ്രി.	ക. ൪.	ഒരുകോളം ബ്രി.	ക. ൧൨.
ബ്രിട്ടീഷ് ഇൻഡ്യാ—സിലോൺ	,, ൫.	അരക്കോളം	,, ൭.
വിദേശങ്ങൾ	,, ൯.	കാൽക്കോളം	,, ൪

അപേക്ഷിക്കേണ്ടതും മേൽവിലാസം.

മാനേജർ,

"കേരളദാസൻ"

തിരുവനന്തപുരം.

തിരുവിതാംകൂർ, ദക്ഷിണ ഇൻഡ്യാ.



ഒരംശോമ്മ്ശീഹായുടെ ജീവചരിത്രം.

ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബ് കത്തനാർ

ബാലികാബാലന്മാരുടെ ഉപയോഗാർത്ഥം

ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയതു്. — വില ക.ഠ — ന — ഠ.

ടി. നല്ലകടലാസിൽ പടങ്ങളോടുകൂടിയതു് „ ഠ — ര — ന്യ.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാനേജർ,

"മാർ ലൂയീസ് മെമ്മോറിയൽ" പ്രസ്സ്, എറണാകുളം.



"നവമാലിക"

അഥവാ

വിശുദ്ധ കൊച്ചുത്രേസ്യായുടെ

സ്വയകൃത ചരിതം ഭാഷാന്തരം ചെയ്യപ്പെട്ടതു്.

അത്യന്തം ഭക്തിസംവർദ്ധകവും സാഹിത്യരസം വഴിഞ്ഞൊഴുകുന്നതുമായ ഒരു ഒന്നാന്തരം ഗദ്യകാവ്യം. മനോഹരങ്ങളായ അനേകം മരായാപടങ്ങളോടുകൂടി അടിച്ചതു് വില ക. വ്യ. മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം:— മാനേജർ,

ഐ. എസ്. പ്രസ്സ്, എറണാകുളം.

Printed and published by Rev Jacob Naduvathuchery, at the "Mar Louis Memorial" Press. — Ernakulam